കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**[www.lfa.kerala.gov.in](http://www.lfa.kerala.gov.in)**

പന്തലായനി ബ്ലോക്ക്പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2016-17**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോഴിക്കോട് ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

**e-mail: dokkd.ksad@kerala.gov.in**

.

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.7/1424/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഇ-മെയിൽ – dokkd.ksad@kerala.gov.in

ഫോൺ – 0495 2371012

തീയതി.01.08.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തലായനി ബ്ലോക്ക്പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ്

ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നംകെ.എസ്.എ.കെ.കെ.ഡി.പി.7/1424/17 തിയ്യതി: 01.08.2017

# കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.02.2017 മുതൽ 31.05.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.പി.ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.06.2017 മുതൽ 24.06.2017 വരെ<br>14.07.2017 മുതൽ 15.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ബാലകൃഷ്ണൻ.കെ.എം. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശ്യാംജിത്ത്.എം,<br>(19.06.2017 – 24.06.2017ന് മാത്രം) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശോഭ.കെ.എം. | 1.4.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.ബി.എൽ.ബിജിത്ത് | 1.4.2016മുതൽ 20.06.2016 വരെ |
| | ശ്രീ.ഒ.പി.രാംദാസ് | 20.06.2016മുതൽ 31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എക്സി. എഞ്ചിനീയർ | ശ്രീ. ഗിരീഷ്. ആർ. ഡി | 01.04.2016 – മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. സതീശൻ. കെ | 01.04.2016 – മുതൽ 07.11.2016 വരെ |
| | ശ്രീമതി.ബിന്ദു.ടി. | 08.11.2016 – മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ഷിനോജ്. കെ | 01.04.2016 – മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ശ്രീമതി.സിസ്ധു.കെ. ടി | 01.04.2016 – മുതൽ 31.03.2017 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി.അനിതാ പോൾ | 01.04.2016 – മുതൽ 31.03.2017 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി. ഷാനില.എസ്.പി. | 01.04.2016 – മുതൽ 31.03.2017 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി.ഹിത. | 01.04.2016 – മുതൽ 31.03.2017 വരെ |

ഉള്ളടക്കം

ഭാഗം 1
പൊതു അവലോകനം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |

| | | |
|---|---|---|
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 3-1 | കരാർ വ്യവസ്ഥക്ക് വിരുദ്ധമായി കരാറുകാരന് പിഴ ഇളവ് നല്കി . |
| 12 | 3-2 | ഐ.കെ.എം ന് അടക്കേണ്ട ബ്ലോക്ക് വിഹിതം - കൈമാറിയ തുകക്ക് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല |
| 13 | 3-3 | പ്രൊക്യൂർമെന്റ് കമ്മിറ്റി- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച |
| 14 | 3-4 | പഠനമുറി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 15 | 3-5 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 16 | 3-6 | ക്ഷീര വികസന ഓഫീസർ-പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ |
| 17 | 3-7 | മേഖലാടിസ്ഥാനത്തിലുള്ള ചുമതലാനിർവ്വഹണത്തിലെ അപാകതകൾ |
| 18 | 3-8 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 19 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 20 | 4-2 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ |
| 21 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 22 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 23 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 24 | 4-6 | ഓഡിറ്റ് റിക്കവറി |
| 25 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | | |
|---|---|---|
| 26 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 27 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 28 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 72(1) നം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 03-07-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14-07-2017 | കെ.എസ്.എ.കെ.കെ.ഡി. പി.7/1424/2017 തി. 01.08.2017 ( അനുബന്ധം 1 കാണുക) |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21378236 |
| വരവ് | 46690861 |
| ആകെ | 68069097 |
| ചെലവ് | 51505557 |
| നീക്കിയിരിപ്പ് | 16563540 |

| | |
|---|---|
| മുന്നിരിപ്പ് | 21378236 |
| | |

## 1-5 ഫണ്ട് വിനിയോഗം ( വാർഷിക കണക്ക് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം (യഥാർത്ഥ അലോട്ട്മെന്റ്/ ചെലവ് അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14274769 | 14274769 | 14274769 | 0 | 76.9 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7522069 | 7522069 | 7522069 | 0 | 95.19 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2199650 | 2199650 | 2199650 | 0 | 76 |
| മറ്റുള്ളവ (ജനറൽ പർപ്പസ് ഉൾപ്പെടെ) | 21378236 | 22694373 | 44072609 | 27509069 | 16563540 | 62.4 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 71 | 54034312 | 44 | 24109454 | 22 | 5 | 61.9 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) ഇല്ല

## 1-7. തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 47.8 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം (കുറവ്) |
|---|---|---|---|
| മറ്റ് വരവുകൾ | 883141 | 460707 | -422434 |
| ആകെ | 883141 | 460707 | -422434 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.06.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

നീക്കിയിരിപ്പൊന്നും ഇല്ലെന്ന കാര്യം ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.11.2016 മുതൽ 11.11.2016 വരെ | 04/2017- 05/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.02.2017 മുതൽ 04.03.2017 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)VI/8A-2573/1 തീയതി.4.4.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

*2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.*

1). മുൻകൂർ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

2). 2016-17 വർഷം വരെ നിർമ്മാണം പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികൾ, ആർജ്ജിച്ച ആസ്തികൾ എന്നിവയുടെ മൂല്യം നിർണയിച്ച് വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല.

3). ക്ലോസിംഗ് സ്റ്റോക്ക് സെക്രട്ടറി ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4). എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ വാറ്റ്, ആദായനികുതി,നിർമ്മാണതൊഴിലാളിക്ഷേമനിധി എന്നിവയുടെ തുകകൾ വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

5).ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചെക്ക് /ഡ്രാഫ്റ്റ് തുക ബാങ്കിൽ /ട്രഷറിയിൽ വരവ് വന്ന തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

6). 2016-17 വർഷം നിലവിലില്ലാത്ത കേന്ദ്രഫണ്ടായ എസ്.ജി.എസ്.വൈ അക്കൗണ്ട് സാംഖ്യയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാർ വ്യവസ്ഥക്ക് വിരുദ്ധമായി കരാറുകാരന് പിഴ ഇളവ് നല്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2016 17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 78/15 , SO 43 / 16 ,<br>SO 45 /16 |
| പ്രോജക്ടിന്റെ പേര് | വലിയമല – പാച്ചാക്കൽ - ഹിൽ ബസാർ റോഡ് |

| | |
|---|---|
| പ്രോജക്ട് നമ്പർ | 78/15 , SO 43 / 16 ,<br>SO 45 /16 |
| സാങ്കേതികാനുമതി നമ്പർ | AEE/PBP/122/14-15 16.09.2014 |
| ആകെ എസ്റ്റിമേറ്റ് തുക | 5 ലക്ഷം രൂപ (SOR 2012 പ്രകാരം) |
| 45/17 നമ്പർ പ്രോജക്ടിന്റെ ഭരണാനുമതി | 8(1) / 2016 17 തിയ്യതി 27.05.2016 |
| 45/17 നമ്പർ പ്രോജക്ടിന്റെ അടങ്കൽ തുക | 219833 രൂപ |
| കരാറുകാരൻ | ശ്രീ.വൽസൻ.വി<br>വാളിയിൽ ,<br>മുച്ചുകുന്ന്, കൊയിലാണ്ടി |
| കരാർ ഏറ്റെടുത്ത നിരക്ക് | .37% എസ്റ്റിമേറ്റ് നിരക്കിന് താഴെ |
| കരാറുകാരനുമായി വെച്ച എഗ്രിമെന്റ് നമ്പർ | 08/2015/AEE/PBP 16.02.2015 |
| കരാർ പ്രകാരം പ്രവർത്തി ആരംഭിക്കേണ്ട തിയ്യതി | കരാർ വെച്ച് 20 ദിവസങ്ങൾക്കുള്ളിൽ |
| കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 120 ദിവസം |
| എം.ബുക്ക് നമ്പർ 9/14-15<br>പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച<br>തിയ്യതി | 27.02.2017 |
| ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 10/2016-17 29.03.2017<br>തുക 218033 രൂപ |
| കിഴിവുകൾ | 204952 രൂപ |
| മേൽതുകക്ക് കരാറുകാരനിൽ നിന്നും ലഭിച്ച രശീത് | തിയ്യതി 03.04.2017 |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെപ്പറയുന്ന വസ്തുതകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

13.01.2015 ലെ E1 – 233 / AEE /PBP / 2015 നമ്പർ കത്ത് പ്രകാരം AEE കരാറുകാരന് നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം കത്ത് കൈപ്പറ്റി 14 ദിവസത്തിനകം ഓഫീസിലെത്തി കരാർ ഒപ്പിടുവാൻ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. തുടർന്ന് ഇക്കാര്യം 13.02.2015 ലെ ഇ1 – 23(4)/2015/AEE കത്ത് മുഖേന AEE പന്തലായിനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു. ഒടുവിൽ കരാറുകാന്റെ അപേക്ഷ പരിഗണിച്ച് 5.3.2015 നകം കരാർ വെക്കുവാൻ കരാറുകാരനെ അനുവദിച്ചുകൊണ്ട് ഭരണസമിതി 23.02.2015 ലെ 86(9)/ 2014 -15 നമ്പർ തീരുമാനമെടുത്തതായി കാണുന്നു. ഇതിനു ശേഷം 15.06.2015 ,ലെ ഇ1 – 23(3) - / എഇഇ / പിബിപി നമ്പർ കത്ത് മുഖേന മേൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ ഹാജരാക്കുവാൻ AEE , കരാറുകാരന് നിർദ്ദേശം നല്കിയതായി കാണുന്നു. 43/16 നമ്പർ പ്രോജക്ട് കരാർ കാലാവധിക്കകം പൂർത്തിയാക്കാത്ത കരാറുകാരനെതിരേ കരാർ പ്രകാരം നടപടി കൈക്കൊള്ളുന്നതിന് AEE യെ 28.12.2015 ലെ 52(3)/2015 – 16 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതേത്തുടർന്ന് കാരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 31.12.2015 ലെ ഡി2 – 492 / എ.ഇ.ഇ / പിബിപി / 2015 നമ്പർ കത്ത് പ്രകാരം AEE കരാറുകാരന് കത്ത് നല്കി. തനിക്ക് സുഖമില്ലാത്തതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാത്തതെന്ന് 11.1.2016 ലെ മറുപടിയിൽ കരാറുകാരൻ കാരണം ബോധിപ്പിച്ചിരിക്കുന്നു. AEE നല്കിയ 02.06.2016 ലെ ഡി2 – 492 / എ.ഇ.ഇ / പിബിപി / 2015 നമ്പർ കത്തിലും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ ഹാജരാക്കുവാൻ കരാറുകാരനോട് നിർദ്ദേശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

21.06.2016 ലെ D2 – 492 / AEE /PBP / 2015 നമ്പർ കത്ത് പ്രകാരം AEE, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ വിവരം അറിയിക്കുകയും വലിയമല – പാച്ചാക്കൽ ഹിൽ ബസാർ റോഡ് പ്രവ്യത്തിയിൽ റീ ടാറിങ് മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൃത്യസമയത്ത് പ്രവൃത്തി തീർക്കുന്നതാണെന്ന് ഭരണസമിതി യോഗത്തിൽ കരാറുകാരൻ ഉറപ്പ് നല്കിയതും പാലിക്കപ്പെടാത്തതിനെത്തുടർന്ന് 5.11.16 ലെ D2-492 / AEE / PBP / 2016 നമ്പർ കത്ത് പ്രകാരം AEE വീണ്ടും കരാറുകാരനോട് വിശദീകരണം തേടി. ഒടുവിൽ 15.2.2017 ലെ D2 – 45 /AEE/ PBP/2017 – നമ്പർ കത്ത് പ്രകാരം , പ്രവ്യത്തി വൈകിയതിന് 65000 രൂപ പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 06.02.2017 തിയ്യതിയോടെ കരാറുകാരൻ AEEക്ക് ലഭ്യമാക്കിയ മറുപടിയിൽ നോട്ട് നിരോധനത്തെ തുടർന്നുണ്ടായ പ്രതിസന്ധിയല്ലാതെ മറ്റു കാരണമൊന്നും മേൽ പ്രവൃത്തി വൈകിയതിന് കാരണമായി ബോധിപ്പിച്ചിട്ടില്ല.എന്നാൽ 28.02.2017 ലെ 81(4)/16 -17 നമ്പർ തീരുമാനപ്രകാരം പ്രവ്യത്തി പൂർത്തിയാക്കുന്നതിന് വരുത്തിയ കാലതാമസം മാപ്പാക്കുവാനും പിഴ ഈടാക്കേണ്ടതില്ല എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജനക്കുറിപ്പോടെ തീരുമാനിച്ചിട്ടുണ്ട്.

എറ്റെടുത്ത മരാമത്ത് പ്രവൃത്തി കരാർ വെയ്ക്കാൻ ഉണ്ടായ കാലതാമസ പിഴ അടക്കാത്തതിനും പ്രവൃത്തി കൃത്യസമയത്ത് നടപ്പാക്കുന്നതിൽ തുടക്കം മുതൽക്ക് തന്നെ വീഴ്ച വരുത്തി വന്ന കരാറുകാരന് , കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പിഴ ഒഴിവാക്കി നല്കിയതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-2 ഐ.കെ.എം ന് അടക്കേണ്ട ബ്ലോക്ക് വിഹിതം - കൈമാറിയ തുകക്ക് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല

2016 17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

പ്രോജക്ട് നമ്പർ – 3 / 17

പ്രോജക്ട് ഐ.കെ.എമ്മിന് അടക്കേണ്ട ബ്ലോക്ക് വിഹിതം

വകയിരുത്തിയ തുക – 47900 രൂപ

ചെലവഴിച്ച തുക – 47900 രൂപ

ഫണ്ട് – വികസന ഫണ്ട് ( പൊതു വിഭാഗം സാധാരണ )

ട്രഷറി ബിൽ നമ്പർ – 06/ 2016 17 തിയ്യതി 28.09.2016

ബിൽ തുക – 47900 രൂപ

ത.സ്വ.ഭ. വകുപ്പിന്റെ (ഡി.എ) 08.03.16 ലെ സ.ഉ(സാധാ) 1228 / 2016 പ്രകാരമാണ് , ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിന്റെ .1 ശതമാനം ഐ.കെ.എമ്മിന്റെ പ്രവർത്തനത്തിന് നല്കിയത്. കൈമാറിയ തുകക്കുള്ള കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല. തുക തടസ്സത്തിൽ വെക്കുന്നു.

## 3-3 പ്രൊക്യൂർമെന്റ് കമ്മിറ്റി- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ഏകീകരണ സ്വഭാവവും സുതാര്യതയും കൈവരിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം

2016-17 സാമ്പത്തികവർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിത നടപടികളിലൂടെ വാങ്ങൽ നടപടി ആരംഭിക്കേണ്ടതുമാണ്. നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങേണ്ടതാണ്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്.എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരംനടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

2016-17 വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ സാധന സേവന സമാഹരണത്തിന്റെ വിശദാംശങ്ങൾ പട്ടിക 1 ൽ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | അടങ്കൽ | ചെലവ് | പർച്ചേസ് നടത്തിയ രീതി. |
|---|---|---|---|---|---|
| 1 | ക്ഷീര വികസന ഓഫീസർ | ക്ഷീരവികസന ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 78000 | 78000 | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക് വിഭാഗം മുഖേന. |
| | | ക്ഷീരവികസന ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | 22000 | 22000 | കാഡ്കോയിൽ നിന്നും റേറ്റ് കോൺട്രാക്ട് മുഖേന |
| 2 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | എ.ഡി.എ ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ | 7800 | 7800 | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക് വിഭാഗം മുഖേന. |
| 3 | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. തിരുവങ്ങൂർ | സി.എച്ച്.സി തിരുവങ്ങൂരിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ-അധിക സൗകര്യങ്ങൾ | 262070 | 259964 | റേറ്റ് കോൺട്രാക്ട്-സിഡ്കോയിൽ നിന്നും |
| | | സി.എച്ച്.സി തിരുവങ്ങൂരിലേക്ക് ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ | 258068 | 258068 | ടെണ്ടർ (കെ.എം.എസ്.സി.എൽ മുഖേന) |
| | | സി.എച്ച്.സി തിരുവങ്ങൂരിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 82610 | 82610 | കൊട്ടേഷൻ മുഖേന. |

പട്ടിക 1 പ്രകാരമുള്ള വാങ്ങലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി ഒന്നിച്ച് വാങ്ങേണ്ടതാണ്.എന്നാൽ മെഡിക്കൽ ഓഫീസർ ,ക്ഷീരവികസന ഓഫീസർ ,അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) എന്നിവർ വിത്യസ്ത സ്ഥാപനങ്ങളിൽ നിന്നും റേറ്റ് കോൺട്രാക്ട്/ടെണ്ടർ/കൊട്ടേഷൻ മാർഗ്ഗങ്ങൾ മുഖേന സ്വന്തം നിലയിൽ വാങ്ങുകയാണുണ്ടായത്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ആവശ്യകതാ നിർണ്ണയം നടത്തി ഒരേ സ്വഭാവമുള്ള വാങ്ങലുകൾ ഒരുമിച്ച് നടത്തിയില്ല.

2. സ്ഥാപനത്തിന്റെ വാങ്ങലുകൾക്ക് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട പർച്ചേസിംഗ് ടീം, ഫിനാൻസ് ടീം എന്നിവ രൂപീകരിച്ചിട്ടില്ല.

3.ഓഡിറ്റ് വർഷത്തിലെ വാങ്ങലുകൾ അതാതു മേഖലകളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യാഗസ്ഥർ തന്നെ നിർവ്വഹിച്ചതിനാൽ, ഇതു സംബന്ധിച്ച രേഖകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും വിധം ഒരുമിച്ച് കൃത്യതയോടെ

സൂക്ഷിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് മാന്വൽ വിഭാവനം ചെയ്യുന്ന തരത്തിൽ സാധന സേവനങ്ങളുടെ സമാഹരണത്തിൽ ഏകീകരണ സ്വഭാവവും സുതാര്യതയും കൈവരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, പർച്ചേസ് ടീം എന്നിവ പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഈ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 പഠനമുറി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ 2016-17 വർഷം നിർവ്വഹിച്ച രണ്ട് പദ്ധതികൾ പരിശോധിച്ചു.താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രൊജക്ട് നം.51/2017 - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.(സ്പിൽ ഓവർ)

അടങ്കൽ - 710000(എസ്.സി.പി.)

ചെലവ് - 550000

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന സ്പിൽ ഓവർ പദ്ധതി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.2015-16 ൽ ആരംഭിച്ച പദ്ധതിയിലെ 13 ഗുണഭോക്താക്കളിൽ 9 ഗുണഭോക്താക്കൾ മാത്രമാണ് പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചത്.പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നിർവ്വഹണം നടത്തിയ പദ്ധതി ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ പഠനകാലയളവിന്റെ ഭൂരിഭാഗം പിന്നിട്ടിട്ടും പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാലതാമസം വിഘാതമായിട്ടുണ്ട്.

ഉദാ: റീത്ത കുനിവളപ്പിൽ എന്ന ഗുണഭോക്താവിന്റെ മകൾ.(കുമാരി.ഹരിത.കെ.വി) 2015-16 വർഷത്തിൽ ഒന്നാം വർഷ ബിരുദാനന്തരബിരുദ (എം.എ സംസ്കൃത സാഹിത്യം) വിദ്യാർത്ഥിയായിരുന്നു. 2016-17 വർഷത്തിൽ കോഴ്സ് പൂർത്തിയാവുന്നതാണ്.എന്നാൽ നാളിതുവരെ അപേക്ഷക പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2. പ്രൊജക്ട് നം 18/17-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.

അടങ്കൽ- 800000(എസ്.സി.പി.)

ചെലവ് - 350000

1.ഗുണഭോക്തൃ തിരഞ്ഞെടുപ്പിലെ കാലതാമസം മൂലം പദ്ധതിക്ക് വകയിരുത്തിയ അടങ്കൽ തുകക്ക് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞില്ല. ഒരു ഗുണഭോക്താവിന് 1 ലക്ഷം രൂപാ നിരക്കിൽ 8 ഗുണഭോക്താക്കൾക്ക് 8 ലക്ഷം രൂപയാണ് അടങ്കൽ ചെയ്തത്.എന്നാൽ പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടികയിൽ 7 പേർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

2. ഗുണഭോക്താക്കളുടെ അർഹതാ നിർണ്ണയം നടത്തുന്നതിൽ വീഴ്ചയുണ്ടായി.അപേക്ഷകരിൽ നിന്നും കെട്ടിട നിർമ്മാണ ലൈസൻസ് വാങ്ങിയിട്ടില്ല.ഇത് മൂലം പഠനമുറിക്ക് കുറഞ്ഞത് 120 ച.അടി വിസ്തീർണ്ണം ഉറപ്പാക്കുന്നതിനും , നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ കുറവാണെന്ന നിബന്ധന പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിച്ചിട്ടില്ല.

3.കൃഷ്ണൻ പി.ടി. എന്ന ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്,സ്കെച്ച് എന്നിവ പരിശോധിച്ചതിൽ പഠന മുറി ഒരു പ്രത്യേകകെട്ടിടമായാണ് നിർമ്മിക്കുന്നതെന്ന് കാണുന്നു.ഇത് പദ്ധതിക്ക് വിരുദ്ധമാണ് .

4. ശ്രീ.ദാസൻ.ഇ. 'മാനസം', കാപ്പാട് എന്ന ഗുണഭോക്താവിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 800 ച.അടി യിൽ താഴെയാണെന്ന് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിയാൻ അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിന്റെ പകർപ്പിൽ നിലവിലെ വീടിന്റെ വിസ്തീർണ്ണം 76.47 ച.മീറ്ററാണ്. ഗുണഭോക്താവിന്റെ വീടിന്റെ യഥാർത്ഥവിസ്തീർണ്ണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് 06.05.2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി

ലഭ്യമാക്കിയതിൽ അപാകതകൾ പരിഹരിച്ച് പഠനമുറി പദ്ധതി ഒരു മാസത്തിനകം പൂർത്തീകരിക്കുമെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ ,തിരുവങ്ങൂർ സി.എച്ച്.സി. 2016-17 വർഷം നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചു.ആയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പ്രൊജക്റ്റ് നം.33/17- പാലിയേറ്റീവ് പരിചരണവും വൈദ്യസഹായവും

അടങ്കൽ - 1500000 (സംരക്ഷണ ഗ്രാന്റ്- റോഡിതരം)

ചെലവ് - 1200000

1. പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതമായി വകയിരുത്തിയ പതിനഞ്ച് ലക്ഷത്തിൽ 1200000 രൂപ ചെലവഴിച്ചുവെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ എത്രയും പെട്ടന്ന് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് 06.05.2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രങ്ങൾ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായിട്ടില്ലെന്നറിയിച്ചിട്ടുണ്ട്.ആയവ എത്രയും പെട്ടന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-6 ക്ഷീരവികസന ഓഫീസർ പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

ക്ഷീരവികസന ഓഫീസർ 2016-17 വർഷത്തിൽ നിർവ്വഹിച്ച പദ്ധതികൾ പരിശോധനക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പ്രൊജക്റ്റ് നം .54/2017- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി.

അടങ്കൽ- 2373602 (ജനറൽ )

ചെലവ് - 2368440

1. പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതമായി വകയിരുത്തിയ ആറ് ലക്ഷത്തിൽ 2368440 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി ചെലവഴിച്ചുവെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2.പ്രൊജക്റ്റ് നം .17/2017- വനിതാഗ്രൂപ്പുകൾക്ക് കറവപശു വിതരണം.

അടങ്കൽ- 600000 (ജനറൽ )

ചെലവ് - 600000

പദ്ധതി പ്രകാരം വനിതാഗ്രൂപ്പുകൾക്ക് ലഭ്യമാക്കിയ വായ്പയുടെയും പലിശ നിരക്കിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബാങ്കുകൾ വായ്പാതുകയുടെ അൻപത് ശതമാനത്തിന് മാത്രമെ പലിശ ഈടാക്കുന്നുള്ളൂവെന്ന വിവരം നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.പ്രൊജക്റ്റ് നം.74/2017- ക്ഷീരവികസന ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ.

അടങ്കൽ- 78000 (ജനറൽ )

ചെലവ് - 78000

1. ക്ഷീരവികസന ഓഫീസിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് ജീവനക്കാർ മാത്രമുള്ള ഓഫീസിൽ നിലവിൽ ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ഒരു ലാപ്ടോപ്പും ഒരു പ്രിന്ററും നിലവിലുണ്ടെന്ന് ബോദ്ധ്യപ്പെട്ടു.മേൽ സാഹചര്യത്തിൽ പുതിയതായി കമ്പ്യൂട്ടറും പ്രിന്ററും വാങ്ങാനുള്ള കാരണം

വിശദീകരിക്കേണ്ടതാണ്.പ്രൊക്യൂർമെന്റ് കമ്മറ്റി ഇത് സംബന്ധിച്ച് ആവശ്യകതാ നിർണ്ണയം നടത്തിയതായി കാണുന്നില്ല. ക്ഷീരവികസന ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നത് സംബന്ധിച്ച പദ്ധതി നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്ന് വന്നതായും കാണുന്നില്ല. പദ്ധതി നിർവ്വഹണം നടത്താനുള്ള കാരണം വിശദമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 മേഖലാടിസ്ഥാനത്തിലുള്ള ചുമതലാനിർവ്വഹണത്തിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.01.2016 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ.4/2016/ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വിവിധ മേഖലകൾക്കും വിഭാഗങ്ങൾക്കുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.1994 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പട്ടിക 4 .ബിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളെ കുറിച്ചും വിശദീകരിക്കുന്നുണ്ട്.

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതിനിർവ്വഹണം പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കർമ്മമേഖലകളിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തുന്നില്ലെന്ന് കാണുന്നു. ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ വനിതാഗ്രൂപ്പുകൾക്ക് കറവപശു വിതരണം എന്ന പദ്ധതി ഒഴികെ 2016-17 വർഷത്തിൽ നിർവ്വഹണം നടത്തിയ മറ്റ് പദ്ധതികൾ ഓഫീസ് നവീകരണ,അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങളോ അല്ലെങ്കിൽ സംയുക്ത പ്രൊജക്ടുകൾക്ക് തുക വകയിരുത്തലോ മാത്രമായി ചുരുങ്ങി. 2016-17 വർഷം വ്യവസായ വികസന ഓഫീസർ പദ്ധതികളോന്നും നിർവ്വഹണം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്നു വന്ന പദ്ധതിനിർദ്ദേശങ്ങളിൽ ഭൂരിഭാഗവും പരിഗണിക്കപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കർമ്മമേഖലകളിലൂന്നി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്.

<u>വ്യവസായ വികസന ഓഫീസർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ല.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.01.2016 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ.4/2016/ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വിവിധ മേഖലകൾക്കും വിഭാഗങ്ങൾക്കുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക 11.4 പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ താത്പര്യമെടുത്തതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പട്ടിക 4 .ബിയിൽ V ൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളെ കുറിച്ചും വിശദീകരിക്കുന്നുണ്ട്.

ചെറുകിട വ്യവസായമേഖലയുടെ വികസനത്തിന് ബ്ലോക്ക് തലത്തിൽ നേതൃത്വം വഹിക്കേണ്ട വ്യവസായ വികസന ഓഫീസർ 2016-17 വർഷത്തിൽ പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.വ്യവസായ മേഖലയിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കാത്തതിനാൽ ഈ മേഖലക്ക് അർഹതപ്പെട്ട തുക ചെലവഴിക്കപ്പെടാത്തതിനും മേഖലയുടെ വികസനത്തിന് മാന്ദ്യം സംഭവിക്കുന്നതിനും കാരണമായിട്ടുണ്ട്. ഈ വീഴ്ചക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ്.

## 3-8 അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) 2016-17 ൽ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പ്രൊജക്റ്റ് നം. 86/2017- ഇടവിളകൃഷി വികസനം(ബ്ലോക്ക് വിഹിതം)

അടങ്കൽ - 586800

ചെലവ് - 586800

1.പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതമായി വകയിരുത്തിയ 586800 രൂപ ചെലവഴിച്ചുവെങ്കിലും ആയതിന്റെ

വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3.പ്രൊജക്ട് നം. 87/2017- പച്ചക്കറി വികസനം(ബ്ലോക്ക് വിഹിതം)

അടങ്കൽ- 198000

ചെലവ് - 198000

1.പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതമായി വകയിരുത്തിയ 198000 രൂപ ചെലവഴിച്ചുവെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം എത്രയും പെട്ടന്ന് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2016-17 | 1765000 | ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം. | 0 | 1765000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകൽ | ഡി24/14 05.05.2015 | 2014-15 | 0 | 293517 | - | - | 331650 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2300 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ആളുടെ പേരും ഉദ്യോഗ പ്പേരും | തിയ്യതി |
|---|---|---|---|---|
| 2008-09 | 3.1 | 2300 | കെ.കുട്ടികൃഷ്ണൻ. സ്വീതി. മുചുകുന്ന്.പി.ഒ. | 11608100015 തീ.02.05.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-2 | 2005-06 | 68.1 | കോടതി വിധിച്ചിട്ടും മുൻകൂർ ക്രമീകരിച്ചില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46690861 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51505557 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4479140 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 47900 | ശ്രീ.ഒ.പി.രാംദാസ്, സെക്രട്ടറി. പന്തലായനി ബ്ലോക്ക് പഞ്ചായത്ത് |
| 3-5 | 1200000 | ശ്രീമതി. സിന്ധു. കെ. ടി മെഡിക്കൽ ഓഫീസർ, സി.എച്ച്.സി തിരുവങ്ങൂർ |

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 2446440 | ശ്രീമതി.ഹിത.<br>ക്ഷീര വികസന ഓഫീസർ |
| 3-8 | 784800 | ശ്രീമതി. അനിതാ പോൾ<br>അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (1) തീയതി 09.03.15 | 1 |
| 2000-01 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (3) തീയതി 09.03.15 | 2 |
| 2001-02 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (4) തീയതി 09.03.15 | 1 |
| 2002-03 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (5) തീയതി 09.03.15 | 2 |
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (6) തീയതി 09.03.15 | 3 |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (7) തീയതി 09.03.15 | 2 |
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (8) തീയതി 11.03.15 | 4 |

| | | |
|---|---|---|
| 2006-07 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (9)<br>തീയതി 09.03.15 | 2 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (10)<br>തീയതി 09.03.15 | 4 |
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി പി7/1345/12<br>തീയതി 4.9.12 | 6 |
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (12)<br>തീയതി 18.03.15 | 4 |
| 2010-11 & 11-12 | നം.എൽ.എഫ്.കെ.കെ.ഡി.പി7//1362/14 (13)<br>തീയതി 18.03.15 | 3 |
| 2012-13 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (14)<br>തീയതി 05.05.15 | 10 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി7/2106/14<br>തീയതി09.03.2015 | 5 |
| 2014-15,2015-16 | കെ.എസ്.എ. കെ.കെ.ഡിപി7/418/17<br>തീയതി24.03.2017 | 32 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ.കെ.കെ.ഡി/പി.7/1424/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

തീയതി. 01.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിൻെറ 2016–17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തലായനി

ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/1424/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 01.08.2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Panthalayani Block Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Panthalayani Block panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR

DISTRICT AUDIT OFFICE, KOZHIKODE.